സത്യമേവ ജയതേ

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ദേവസ്വം കമ്മീഷണറുടെ പ്രൊസീഡിംഗ്സ്

സംഗ്രഹം

വിഷയം:- മുണ്ടക്കയം ഗ്രൂപ്പിൽപ്പെട്ട ചെറുവള്ളി ദേവസ്വം സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ ശ്രീ.വിനോദ് മദ്യപിച്ച് ക്ഷേത്രത്തിൽ പ്രവേശിച്ച സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി.20720/21/എസ്റ്റ-എ | നന്തൻകോട്: 02/12/2021

---

സൂചന:- 1. മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 22/11/2021-ലെ 2018 നമ്പർ റിപ്പോർട്ട്.

2. പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ 25/11/2021-ലെ ROC.07/21/EST നമ്പർ റിപ്പോർട്ട്.

മുണ്ടക്കയം ഗ്രൂപ്പിൽപ്പെട്ട ചെറുവള്ളി ദേവസ്വം സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ ശ്രീ.ആർ.വിനോദ് 13/11/2021-തീയതി രാത്രി മദ്യപിച്ച് ക്ഷേത്രത്തിൽ എത്തിയെന്നും, നാട്ടുകാർ ടി വിവരം അറിഞ്ഞ് പോലീസിന് അറിയിപ്പ് നൽകിയതിനെ തുടർന്ന് ടിയാനെ പോലീസ് കസ്റ്റഡിയിലെടുത്ത് മെഡിക്കൽ ചെക്കപ്പ് നടത്തിയിട്ടുള്ളതായും ദേവസ്വം ജീവനക്കാരുടെ ജാമ്യത്തിൽ ടിയാനെ വിട്ടയച്ചുവെന്നും, ടി വിഷയം സംബന്ധിച്ച് സമൂഹ മാധ്യമങ്ങളിൽ വീഡിയോ ദൃശ്യങ്ങളും വിമർശനങ്ങളും വൈറലായിട്ടുള്ളതായും. ആകയാൽ ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് വിവരിച്ച് മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു (സൂചന 1).

ടി വിഷയത്തിൽ അടിയന്തിര അന്വേഷണം ആവശ്യമാണെന്ന് വിവരിച്ച് ക്ഷേത്ര ഭക്തജനങ്ങൾ പരാതി ഹാജരാക്കിയിട്ടുള്ളതായും, ആകയാൽ സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) മുഖേന അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കണമെന്നും വിവരിച്ച് പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറും റിപ്പോർട്ട് സമർപ്പിച്ചു.

പ്രസ്തുത വിഷയം പരിശോധിച്ചു. ഡിപ്പാർട്ട്മെന്റിനെതിരെ ഭക്തജനങ്ങൾക്കിടയിൽ അവമതിപ്പ് ഉണ്ടാക്കുന്ന തരത്തിലുള്ള പ്രവൃത്തിയാണ് സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസറായ ശ്രീ.ആർവിനോദിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടുള്ളത്.

ആകയാൽ പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവരുടെ റിപ്പോർട്ട് പരിഗണിച്ച് ടിയാനെ അന്വേഷണത്തിന് വിധേയമായി പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിലെ ജൂനിയർ സൂപ്രണ്ടായി സ്ഥലംമാറ്റി ഉത്തരവാകുന്നു.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
3. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, പത്തനംതിട്ട
4. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, മുണ്ടക്കയം
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, പറവൂർ
6. ഇ.ഡി.പി സെക്ഷൻ
7. സെക്ഷൻ ഫയൽ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.02/12